ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എഡി.സി6/5697/2015/ഹ.സെ.വി** **തീയതി: 01/07/2015**

## സർക്കുലർ

വിഷയം: ഹ.സെ.വി – ജീവനക്കാര്യം – ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2015–16 വർഷത്തെ പൊതുസ്ഥലംമാറ്റം – അപേക്ഷകൾ ക്ഷണിക്കുന്നത് – സംബന്ധിച്ച്

സൂചന: (1) 27/05/2015 ലെ സ.ഉ. (പി) 143/2015/പൊ.വി.വ നം. ഉത്തരവ്
(2) 19/06/2015 ലെ ഇതേ നമ്പർ സർക്കുലർ

സൂചന (2) ലെ സർക്കുലർ പ്രകാരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2015–16 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം ക്ഷണിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പൊതുസ്ഥലംമാറ്റ നടപടിക്രമങ്ങൾ മരവിപ്പിച്ചിരുന്നു. ആയത് പരിഹരിച്ച് സൂചന സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2015–2016 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ മുഖാന്തിരമുള്ള അപേക്ഷകൾ വീണ്ടും ക്ഷണിക്കുന്നു. **02/07/2015 മുതൽ 10/07/2015 വൈകുന്നേരം 5 മണിവരെ** www.hscap.kerala.gov.in/transfer എന്ന വെബ്സൈറ്റ് മുഖേന സ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിനുമുമ്പ് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായും വായിച്ച് മനസ്സിലാക്കിയതിനുശേഷമേ അദ്ധ്യാപകർ ഓൺലൈൻ അപേക്ഷയിലെ ഡേറ്റാ പ്രിൻസിപ്പാളിനു forward ചെയ്യാൻ പാടുള്ളൂ. അപേക്ഷയിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ ആ അപേക്ഷ പ്രിൻസിപ്പൽ നിരസിക്കുകയും വീണ്ടും അദ്ധ്യാപകൻ തന്റെ Id യിൽ പ്രവേശിച്ച് തിരുത്തൽ വരുത്തി ടി അപേക്ഷ പ്രിൻസിപ്പലിന് പുനഃസമർപ്പിക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. 2015 മാർച്ച് 31 വച്ചാകും പൊതുസ്ഥലംമാറ്റത്തിനുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കുന്നത്.

2. മാതൃജില്ലയിൽ അഞ്ചുവർഷം പൂർത്തീകരിച്ച് കഴിഞ്ഞ അദ്ധ്യാപകരുടെ വിഷയാടിസ്ഥാനത്തിലുള്ള ജില്ലാലിസ്റ്റ്, ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകളുടെ ലിസ്റ്റ് എന്നിവ www.hscap.kerala.gov.in/transfer എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.
3. മാതൃജില്ലയിലേക്ക് സ്ഥലംമാറ്റം ആവശ്യമുള്ള ഒരു ജില്ലയിൽ മൂന്നുവർഷം പൂർത്തീകരിച്ച എല്ലാ അദ്ധ്യാപകർക്കും സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. യോഗ്യരായ അപേക്ഷകർ ഇല്ലാത്ത അവസരത്തിൽ മൂന്നുവർഷം സേവനം കുറവുള്ളവരെയും പരിഗണിക്കുന്നതാണ്. മാതൃജില്ലയിലേക്കുള്ള അപേക്ഷകരുടെ എണ്ണമനുസരിച്ച് പുറത്താകേണ്ടിവരുന്ന അദ്ധ്യാപകരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി മൂന്നുദിവസത്തിനകം ലിസ്റ്റിൽ ഉള്ള അദ്ധ്യാപകർ സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതാണ്.
4. അദ്ധ്യാപകർക്ക് മാതൃജില്ല ഉൾപ്പെടെ പതിനാല് ജില്ലകളിലേയ്ക്കും സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്.
5. നിലവിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർക്കും, മാതൃജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർക്കും ജില്ലയിൽ നിന്ന് പുറത്താകേണ്ടിവരുന്ന അദ്ധ്യാപകർക്കും സ്ഥലംമാറ്റം ലഭിച്ച ജില്ലയ്ക്കകത്ത് തന്നെയുള്ള സ്കൂളുകളിൽ ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കാൻ പിന്നീട് അവസരം നൽകുന്നതാണ്.
6. Conditional posting വഴി നിയമനം ലഭിച്ച് thrown out ആകുന്ന അദ്ധ്യാപകർക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ പിന്നീട് അവസരം നൽകുന്നതാണ്.
7. സൈനികസേവനത്തിനിടെ മരണമടഞ്ഞ/ അംഗവൈകല്യം സംഭവിച്ച ജവാന്റെ ഭാര്യ/ഭർത്താവ് അഞ്ചുവർഷം പൂർത്തീകരിച്ച അദ്ധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം അദ്ധ്യാപകർ പ്രിൻസിപ്പാൾ മുഖാന്തിരം അപേക്ഷ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അഡ്രസ്സിൽ **15/07/2015 നുമുമ്പായി** തപാൽമാർഗ്ഗം സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അപേക്ഷ സമർപ്പിക്കുമ്പോൾ സൈനിക മേധാവികളിൽ നിന്നോ സൈനിക ക്ഷേമ ഡയറക്ടറേറ്റിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് സ്ഥലംമാറ്റ അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അപേക്ഷ പരിഗണിക്കുന്നതല്ല.
8. 2013–2014 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ അനുകമ്പാർഹ പരിഗണനയിലൂടെ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരും, 2013–2014 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ അനുകമ്പാർഹ പരിഗണന review

ചെയ്തുനൽകിയിട്ടുള്ള അദ്ധ്യാപകരും അനുകമ്പാർഹ പരിഗണന ലഭിച്ച ഒരു വർഷം പൂർത്തീകരിച്ച എല്ലാ അദ്ധ്യാപകരും അനുകമ്പാർഹ പരിഗണന പുനഃപരിശോധിക്കുന്നതിനായി (review) ചുവടെപറയും പ്രകാരം രേഖകൾ തപാൽമാർഗ്ഗം സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പുറത്ത് **General Transfer 2015-16 Compassionate Ground** എന്ന് രേഖപ്പെടുത്തിയിരിക്കണം.

അദ്ധ്യാപിക/അദ്ധ്യാപകൻ എന്നിവർക്കും അവരുടെ ആശ്രിതർക്കും രോഗബാധിതരുടെ പേരിലുള്ള അനുകമ്പാർഹ സ്ഥലംമാറ്റത്തിന് രോഗകാര്യത്തെ സംബന്ധിച്ചുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പും എഴുതി തയ്യാറാക്കിയ സ്ഥലംമാറ്റ അപേക്ഷയും പ്രിൻസിപ്പലിന്റെ ശുപാർശ കത്തോടുകൂടി 21/07/2015 **വൈകുന്നേരം 5 മണിക്ക് മുമ്പായി** അയച്ചുതരേണ്ടതാണ്.

9. മാതൃജില്ലയ്ക്ക് പുറത്ത് സേവനമനുഷ്ഠിക്കുന്ന ഏതെങ്കിലും അദ്ധ്യാപിക / അദ്ധ്യാപകൻ മാതൃജില്ലയിലേക്ക് അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മേൽ വിവരിച്ച പ്രകാരമുള്ള രേഖകളും മാതൃജില്ലയിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന സ്ക്കൂളുകളുടെ എഴുതി തയ്യാറാക്കിയ അപേക്ഷ സഹിതം 21/07/2015 **വൈകുന്നേരം 5 മണിക്ക് മുമ്പായി** സമർപ്പിക്കേണ്ടതാണ്.
10. ഏതെങ്കിലും അദ്ധ്യാപകൻ/അദ്ധ്യാപികയുടെ നിലവിൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളിൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ഫോൺമുഖാന്തിരം ബന്ധപ്പെടേണ്ടതാണ്.

**ഒപ്പ്/-**
**കെ.എൻ.സതീഷ് ഐ.എ.എസ്**
**ഡയറക്ടർ**

**<u>സഹായങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ</u>**

**0471–2325868 (പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.15 മുതൽ 5.15 വരെ മാത്രം)**